**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 225** **28-02-2023 - ൽ മറുപടിയ്ക്ക്**

**കേരള അർബൻ വാട്ടർ സർവീസസ് ഇംപ്രൂവ്മെന്റ് പ്രോജക്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ എം വിൻസെൻറ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കേരള അർബൻ വാട്ടർ സർവീസസ് ഇംപ്രൂവ്മെന്റ് പ്രോജക്ടിന്റെ വിശദാംശം ലഭ്യമാക്കുമോ; | (എ) | ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക് (ADB) ധനസഹായത്തോടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന കേരള അർബൻ വാട്ടർ സർവ്വീസ് ഇമ്പ്രൂവ്മെൻറ് പ്രോജക്ട് (KUWSIP), തിരുവനന്തപുരം, കൊച്ചി കോർപ്പറേഷനുകളിൽ 24x7 ജലവിതരണ സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്.<br><br>ടി പദ്ധതിക്കായി 2511 കോടി രൂപയുടെ ഭരണാനുമതി G.O. (Ms) No. 13/2020/WRD ഉത്തരവ് പ്രകാരം 07.02.2020 ൽ നൽകുകയുണ്ടായി. ADB യും സംസ്ഥാന സർക്കാരും 70:30 അനുപാതത്തിലാണ് പദ്ധതിയുടെ ചെലവ് പങ്കിടുന്നത്. ഇതിന്റെ വിശദാംശങ്ങൾ അനുബന്ധം - 1 ആയി ചേർക്കുന്നു.<br><br>പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ താഴെ പറയും വിധമാണ്.<br><br>1. കൊച്ചി, തിരുവനന്തപുരം നഗരങ്ങളിലെ വിവിധ മേഖലകളിലേക്കുള്ള ജലവിതരണത്തിലെ ഏറ്റക്കുറച്ചിലുകൾ ഒഴിവാക്കി സുസ്ഥിരമായ 24x7 കുടിവെള്ളവിതരണം ഉറപ്പാക്കുക.<br>2. നഗരപരിധികളിലെ പിന്നാക്ക വിഭാഗങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ട് തടസ്സരഹിതവും, നീതിയുക്തവുമായ ശുദ്ധജലവിതരണം ഉറപ്പാക്കുക.<br>3. മെച്ചപ്പെട്ട ഉപഭോക്തൃ സേവനവും, ശുദ്ധജലവിതരണത്തിലെ ഗുണനിലവാരവും ഉറപ്പാക്കുക.<br>4. പദ്ധതി പൂർത്തീകരണത്തോടുകൂടി കണക്കിൽപ്പെടാതെ പോകുന്ന കുടിവെള്ളം |

| | | | |
|---|---|---|---|
| | | | (Non Revenue Water -NRW) ദേശീയ അളവുകോലിനു തുല്യമായ 20 ശതമാനത്തിൽ എത്തിക്കുക.<br>5. വിവിധ തലങ്ങളിലെ ജീവനക്കാർക്കുള്ള പരിശീലനപരിപാടികൾ ഉൾപ്പെടെയുള്ള സ്ഥാപന ശാക്തീകരണ നടപടികൾ നടപ്പിലാക്കി, ഉയർന്ന കാര്യക്ഷമത കൈവരിച്ചുകൊണ്ട് സ്ഥാപനത്തിന്റെ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുക.<br><br>പദ്ധതിയുടെ കാലാവധി 10 വർഷമാണ്. ഒന്നാം ഘട്ടത്തിൽ കൊച്ചി നഗരത്തിലെ ജല വിതരണ ശൃംഖല നവീകരിക്കലും, വിപുലപ്പെടുത്തലും, തിരുവനന്തപുരം, കൊച്ചി എന്നീ നഗരങ്ങളിലെ ജലശുദ്ധീകരണശാലകളുടെ നവീകരണവും ആണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. തിരുവനന്തപുരം നഗരത്തിലെ ജലവിതരണശൃംഖലയുടെ നവീകരണവും, ജീവനക്കാർക്കുള്ള പരിശീലനം, സ്ഥാപനശാക്തീകരണ നടപടികൾ തുടങ്ങിയ പ്രവൃത്തികൾ രണ്ടാം ഘട്ടത്തിൽ ഉൾക്കൊള്ളിക്കുവാനും ലക്ഷ്യമിട്ടിട്ടുണ്ട് |
| (ബി) | തിരുവനന്തപുരം, എറണാകുളം ജില്ലകളിലെ കുടിവെള്ള വിതരണവും വെള്ളക്കരം പിരിക്കാനുള്ള ചുമതലയും സ്വകാര്യകമ്പനിക്ക് കൈമാറാൻ പ്രസ്തുത പദ്ധതിയുടെ ഭാഗമായി ധാരണയായിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഇല്ല. കുടിവെള്ള വിതരണത്തിന്റെ പ്രവൃത്തി കരാർ എടുക്കുന്ന കമ്പനിക്ക് ആയിരിക്കുമെങ്കിൽ തന്നെയും മീറ്റർ റീഡിങ് എടുക്കൽ, റവന്യൂ പിരിയ്ക്കൽ, ഉപഭോക്താക്കൾക്ക് ബില്ലുകൾ നൽകൽ എന്നിവ കേരള ജല അതോറിറ്റി നിർവഹിയ്ക്കുന്നതാണ്. |
| (സി) | എങ്കിൽ പ്രസ്തുത കരാറിലെ പ്രധാനപ്പെട്ട വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ? | (സി) | ഡിസൈൻ, ബിൽഡ്, ഓപ്പറേറ്റ് & മെയിന്റനൻസ് (DBOM) വ്യവസ്ഥയിൽ ആദ്യ 7 വർഷം കൊണ്ട് നിർമ്മാണപ്രവർത്തനങ്ങളും അനുബന്ധമായുള്ള അറ്റകുറ്റപ്പണികളും പൂർത്തിയാക്കി, തുടർന്നുള്ള 3 വർഷത്തേക്കുള്ള അറ്റകുറ്റപ്പണികൾ മൊത്തമായും പ്രവൃത്തി ഏറ്റെടുത്തിരിക്കുന്ന കരാറുകാരനിൽ നിക്ഷിപ്തമാക്കിക്കൊണ്ട്, 10 വർഷ കാലയളവിൽ പൂർണതയിലെത്തുന്ന തരത്തിലാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. പദ്ധതി പ്രദേശത്തെ പത്തു വർഷത്തെ അറ്റകുറ്റപ്പണികൾ പൂർണമായും ഈ പ്രവൃത്തി ഏറ്റെടുക്കുന്ന കരാറുകാരനിൽ നിക്ഷിപ്തമായിരിക്കും. |

സെക്ഷൻ ഓഫീസർ

# GOVERNMENT OF KERALA

## Abstract

Water Resources Department-KUWSIP-ADB assisted 24x7 Water Supply to Thiruvananthapuram & Kochi cities-Administrative Approval-accorded-Orders issued.

## WATER RESOURCES (WS-B) DEPARTMENT

**G.O.(Ms)No.13/2020/WRD** Dated,Thiruvananthapuram, 07/02/2020

Read 1 Letter No..KWA/PMU/ADB/375/2019 dated 15.07.2019 from the Managing Director, Kerala Water Authority.

2 Letter No.5/15/2017-ADB-1 dated 15.10.2019, from Govt. of Inida, Department of Economic Affairs.

## ORDER

The Managing Director, Kerala Water Authority vide the letter read above, submitted proposal for an amount of Rs.2511 crore to introduce the scheme 24x7 Water Supply System in the cities of Thiruvananthapuram and Kochi (Kerala Urban Water Supply Improvement Project -KUWSIP) with loan assistance from ADB and requested to accord Administrative Approval for implementation of the project. Abstract of the project is as follows:

| | |
|---|---|
| Name of the project | ADB Assisted KUWSIP |
| Project area | Thiruvananthapuram and Cochin Corporations |
| Scope of work | Providing 24x7 WSS in Thiruvananthapuram and Cochin Corporations |
| Project duration | 10 years (7+3) |
| Estimated cost | 2511Crore |
| Loan amount | 1757.7 Cr (70%) |
| State Share | 753.3 Cr (30%) |

2.Government have examined the matter in detail and are pleased to accord Administrative Approval for implementation of the ADB assisted 24*7 Water Supply Project for the cities of Thiruvananthapuram and Kochi at a total outlay of Rs.2511 Crores. Santion is also accorded to Kerala Water Authority to obtain loan from ADB on the most favourable terms and conditions of repayment. MD KWA is authorized take further steps to approve the loan with DEA, Govt

File No.WS-33/299/2017-WRD

of India at the earliest.

(By order of the Governor)
**DR.B.ASHOK IAS**
**SECRETARY**

To:

The Mananging Director, Kerala Water Authority, Thiruvananthapuram

Govt. of India, Ministry of Finance, Dept. of Economic Affairs, Fund Bank and ADB Division, Room No.268 A, North Block, New Delhi

The Principal Accountant General(Audit/A&E), kerala, Thiruvananthapuram

The finance Department (VidePU-C1/143/217/Fin (E-55492) dated 25.1.2020)

I&PR(Web &New Media Department)

Stock File/ Office copy

Forwarded /By order

Section Officer

copy to:PS to Minister (Water Resources Department)
PA to Secretary, Water Resources Department